പെർഫോമൻസ് മോണിട്ടറിംഗ് ഇവാല്യൂവേഷൻ മെച്ചപ്പെടുത്താൻ നടപടി

47 (7344) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനസർക്കാർ പെർഫോമൻസ് മോണിട്ടറിംഗ് ഇവാല്യൂവേഷൻ നടപ്പിലാക്കിയതിലൂടെ എന്ത് നേട്ടമാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സംവിധാനങ്ങൾ മെച്ചപ്പെടുത്താൻ എന്ത് നടപടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) വകുപ്പുകളുടെ പ്രവർത്തനം - പദ്ധതി നിർവ്വഹണം ഉൾപ്പെടെ വിലയിരുത്തുന്നതിന് നാളിതുവരെ പിൻതുടർന്നുവന്ന സാമ്പത്തിക പുരോഗതിയുടെ അളവ് കൂടാതെ ഭൗതികവും, ഗുണമേന്മയുടെയും അടിസ്ഥാനത്തിൽ ഓരോ ഇനത്തിലും കൈവരിക്കാൻ കഴിയുന്ന പരമാവധി നേട്ടം മുൻകൂട്ടി നിശ്ചയിച്ച് അത് സമയബന്ധിതമായി നേടുകയെന്നതാണ് പെർഫോമൻസ് മോണിട്ടറിംഗ് ഇവാല്യൂവേഷൻ നടപ്പിലാക്കിയതിലൂടെ സർക്കാർ പ്രതീക്ഷിക്കുന്നത്.

(ബി) പദ്ധതിരേഖ അനുസരിച്ചും അല്ലാതെയും വകുപ്പ് കാഴ്ചവയ്ക്കുന്ന സേവനലക്ഷ്യം വർഷാരംഭത്തിൽ നിശ്ചയിക്കുകയും വർഷാന്ത്യം അവ നടപ്പിലാക്കിയതിന്റെ വിലയിരുത്തൽ നടത്തുകയുമാണ് നിലവിൽ ചെയ്തുവരുന്നത്. എന്നാൽ ഈ രീതി മാറ്റി ത്രൈമാസികമായി വകുപ്പുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

ധനകാര്യ വകുപ്പിന്റെ പരിശോധനാ റിപ്പോർട്ട്

48 (7345) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി-ഡിറ്റിന്റെ വഞ്ചിയൂരുള്ള ടെക്നോളജി എക്സ്റ്റൻഷൻ ഡിവിഷനിൽ ധനകാര്യ വകുപ്പ് നടത്തിയ പരിശോധനാറിപ്പോർട്ടിന്മേൽ നടപടി ആവശ്യപ്പെട്ടുകൊണ്ട് ഐ.&പി.ആർ.ഡി. വകുപ്പ് നൽകിയ 41153/ഇ1/13/ഐ&പി.ആർ. തീയതി 5-11-2013 നമ്പർ കത്തനുസരിച്ച് സി-ഡിറ്റ് എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ;

(ബി) സ്വീകരിച്ചുവെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത കത്തിന് രജിസ്ട്രാർ നൽകിയ മറുപടിയുടെ പകർപ്പ് ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) സി-ഡിറ്റിന്റെ വഞ്ചിയൂരുള്ള ടെക്നോളജി എക്സ്റ്റൻഷൻ ഡിവിഷനിൽ ധനകാര്യ വകുപ്പ് നടത്തിയ പരിശോധനാ റിപ്പോർട്ടിൻമേൽ നടപടി ആവശ്യപ്പെട്ടുകൊണ്ട് ഐ&പി.ആർ.ഡി. വകുപ്പ് നൽകിയ 41153/ഇ1/13/ഐ&പി.ആർ. തീയതി 5-11-2013 നമ്പർ കത്തനുസരിച്ച് സി-ഡിറ്റ് രജിസ്ട്രാർ ടെക്നോളജി എക്സ്റ്റൻഷൻ ഡിവിഷന്റെ വകുപ്പ് മേധാവിയായി പ്രവർത്തിച്ചിരുന്ന ശ്രീ. ഭരത് തമ്പി, അസിസ്റ്റന്റ് മാനേജരുടെ (ഭരണം) വിശദീകരണം ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം ആവശ്യപ്പെടുകയും അതിൻമേൽ അഭിപ്രായസഹിതം തുടർനടപടി സ്വീകരിക്കുന്നതിനായി 17-1-2014-ൽ ഐ&പി.ആർ.ഡി. ഡയറക്ടർക്ക് റിപ്പോർട്ട് നൽകുകയും ചെയ്തു.

(സി) രജിസ്ട്രാർ നൽകിയ മറുപടി കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

എഫ്.എം.എസ്. പ്രോജക്ട്

49 (7346) ശ്രീ. വി. ശിവൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോട്ടോർവാഹന വകുപ്പിനുവേണ്ടി സി-ഡിറ്റ് നടത്തുന്ന എഫ്.എം.എസ്. പ്രോജക്ടിൽ, പ്രോജക്ട് മാനേജർ തസ്തികയ്ക്ക് സി-ഡിറ്റ് അപേക്ഷ ക്ഷണിച്ചിരുന്നുവോ ;

(ബി) എങ്കിൽ ടി ഇന്റർവ്യൂവിൽ ഉദ്യോഗാർത്ഥികളായി പങ്കെടുത്തവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത ഇന്റർവ്യൂ ബോർഡിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) ടി ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഇ) ഇതിൽ എത്ര പേർക്ക് നിയമനം നൽകി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മോട്ടോർ വാഹന വകുപ്പിനുവേണ്ടി സി-ഡിറ്റ് നടത്തുന്ന എഫ്.എം.എസ്. പ്രോജക്ടിൽ പ്രോജക്ട് മാനേജർ തസ്തികയ്ക്ക് സി-ഡിറ്റ് അപേക്ഷ ക്ഷണിച്ചിരുന്നു.

(ബി) ടി ഇന്റർവ്യൂവിൽ 8 ഉദ്യോഗാർത്ഥികൾ പങ്കെടുത്തിരുന്നു. വിശദാംശം അനുബന്ധം ആയി ചേർക്കുന്നു.*

(സി) പ്രസ്തുത ഇന്റർവ്യൂ ബോർഡിൽ 7 പേർ ഉണ്ടായിരുന്നു. വിശദാംശം അനുബന്ധം ആയി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly